# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2931 — 12.10.2011-ൽ മറുപടിയ്ക്ക്

## *കർഷകർക്ക് സർക്കാർ പെൻഷൻ*

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരും 60 വയസ്സ് കഴിഞ്ഞവരുമായ കർഷകർക്ക് പെൻഷൻ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പെൻഷൻ അനുവദിച്ചു കൊണ്ട് ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) | (1)സ.ഉ(എം.എസ്)197/2011/കൃഷി തീയതി 16/08/2011 പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | എത്ര രൂപയാണ് പെൻഷനായി പ്രതിമാസം നൽകുന്നതെന്ന് വെളിപ്പെടുത്താമോ ; | (സി) | പ്രതിമാസം 300/- രൂപയാണ് പെൻഷനായി നൽകുന്നത്. |
| (ഡി) | ഈ സർക്കാർ ഇതിനകം ഈ ഗണത്തിൽപ്പെട്ട എത്ര കർഷകർക്ക് പെൻഷൻ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ? | (ഡി) | ഈ ഉത്തരവനുസരിച്ചുള്ള പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

R.R. [signature]

സെക്ഷൻ ഓഫീസർ

കൃഷി (ആസൂത്രണം - ബി) വകുപ്പ്

സ.ഉ.(എം.എസ്). 197/2011/കൃഷി തീയതി, തിരുവനന്തപുരം, 16.08.2011

=================================================================

<u>പരാമർശം</u>:- 31.01.2009-ലെ ജി.ഒ(പി) 22/09/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

<u>ഉത്തരവ്</u>

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി കിസാൻ അഭിമാൻ കർഷക ക്ഷേമ പദ്ധതിക്ക് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. നിലവിൽ കിസാൻ അഭിമാൻ പദ്ധതിയിൻ കീഴിൽ 13713 നെൽകർഷകർക്ക് പ്രതിമാസം 300/- (മുന്നൂറു) രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു.

ചെറുകിട നാമമാത്ര കർഷകർക്കു കൂടി ഇതേ മാതൃകയിൽ പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും ഭൂരിഭാഗവും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരുമാണ്. എന്നാൽ ഇവർ സംസ്ഥാനത്തിൻെറ സാമ്പത്തിക വികസനത്തിന് വലിയൊരു പങ്ക് വഹിക്കുന്നു. മറ്റ് മേഖലകളിലെ സംഘടിത വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ ഒരു ഹെക്ടറോ അതിനു താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു.

ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി നിലവിൽ കൃഷി വകുപ്പിൻെറ ബഡ്ജറ്റിൽ ഇരുന്നൂറ്റി എട്ട് ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. നിലവിൽ നെൽകർഷകർക്ക് പെൻഷൻ നൽകുന്നതിന് അധികമായി ഇരുന്നൂറ്റി എൺപത്തിയഞ്ച് ലക്ഷം രൂപ കൂടി

വേണ്ടി വരും. ഈ പുതുക്കിയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് കൂടുതൽ തുക അനുവദിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ ഒരു ഹെക്ടറോ അതിനു താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന പദ്ധതി അംഗീകരിച്ചു കൊണ്ടും പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

പദ്ധതി നിർവ്വഹണം സംബന്ധിച്ച് ആവശ്യമായ മറ്റ് ക്രമീകരണങ്ങൾ കൃഷി വകുപ്പ് ഡയറക്ടർ നടത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ. ജയകുമാർ**

**അഡീഷണൽ ചീഫ് സെക്രട്ടറി & കാർഷികോല്പാദന കമ്മീഷണർ**

**ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ,(എ & ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.**
**എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും**
**ധനകാര്യ വകുപ്പ് (യു.ഒ. നം. 65370/എ.ഡബ്ല്യൂ. ബി1/11/ധന. തിയതി, 16.8.2011)**
**ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്**
**ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി )**

**(കരുതൽ ഫയൽ/ഓഫീസ് കോപ്പി).**

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.